# കുട്ടികള്‍ക്കായുള്ള ബൈബിള്‍

## അവതരണം

## യേശുവിന്റെ അത്ഭുതങ്ങള്‍



എഴുതിയത് : Edward Hughes
ഉദാഹരണം : Byron Unger; Lazarus
അംഗികരിച്ചത് : E. Frischbutter; Sarah S.
തര്ജ്ജിമ ചെയുതത് : Rev. Benny Alastair Paterson
നിര്മ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2020 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.

യേശു പല അത്ഭുത പ്രവർത്തികളും ചെയ്തു. യേശു യഥാർത്ഥമായും ദൈവത്തിന്റെ പുത്രനാണ് എന്ന് കാണിക്കുവാനുള്ളതായിരുന്നു യേശുവിന്റെ അത്ഭുത പ്രവർത്തികൾ.



ഏറ്റവും ആദ്യത്തെ അത്ഭുതം നടക്കുന്നത് ഒരു കല്യാണ വിരുന്നിലാണ്. അവിടെ ഒരു പ്രശ്നം ഉായി. എല്ലാവർക്കും മതിയായ വീഞ്ഞ് അവിടെ  ഉായിരുന്നില്ല.



ആ പ്രശ്നത്തെക്കുറിച്ച് യേശുവിന്റെ അമ്മ യേശുവിനോട് പറഞ്ഞശേഷം അവൾ വേലക്കാരോട്, യേശു നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്യുവിൻ എന്നു പറഞ്ഞു.



“ഈ പാത്രങ്ങളിൽ വെള്ളം നിറയ്ക്കുവിൻ” യേശു അവരോട് പറഞ്ഞു. അവർ ചോദിച്ചുകാണും, “വെള്ളമോ?” അതേ, വെള്ളം നിറയ്ക്കാനാണ് യേശു ആവശ്യപ്പെട്ടത്.



പിന്നെ യേശു അവരോട് പറഞ്ഞു. വലിയ ഒരു പാത്രത്തിൽനിന്നു കോരി വിരുന്നിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിക്ക് രുചിച്ചുനോക്കുവാൻ കൊടുക്കുക. ആ വെള്ളം ഇപ്പോൾ വീഞ്ഞ് ആയിത്തീർന്നിരിക്കുകയാണ്. നല്ല വീഞ്ഞ്! ഏറ്റവും മേത്തരമായ വീഞ്ഞ്!



വേലക്കാർ ആശ്ചര്യഭരിതരായി. യേശു വെള്ളത്തെ വീഞ്ഞാക്കി. ദൈവത്തിനുമാത്രമേ ഇങ്ങനെയുള്ള അത്ഭുതങ്ങൾ ചെയ്യുവാൻ കഴിയുകയുള്ളു.



യേശു മറ്റ് അത്ഭുതങ്ങളും ചെയ്തു.
ഒരുദിവസം യേശുവും ശിഷ്യന്മാരും
പത്രോസിന്റെ വീട്ടിൽപോയി.
പത്രോസിന്റെ അമ്മാവിയമ്മ കടുത്ത
പനിയായിട്ട് കിടപ്പിലായിരുന്നു.



രോഗിയായ ആ സ്ത്രീയുടെ കൈയിൽ യേശു തൊട്ടു. ഒറ്റ നിമിഷംകൊ് അവൾക്ക് സൗഖ്യമായി. അവൾ എഴുന്നേറ്റ് യേശുവിനും ശിഷ്യന്മാർക്കും ശുശ്രൂഷ ചെയ്തു.



ആ പട്ടണത്തിലെ സകല ആളുകളും ആ വീട്ടിൽ വൈകുന്നേരം ഒരുമിച്ചു കൂടിവന്നതുപോലെ തോന്നി. രോഗികൾ വന്നു. അവരിൽ കുരുടന്മാരും ചെകിടന്മാരും ബധിരന്മാരും മുടന്തൻമാരും ഉായിരുന്നു. ഭൂതങ്ങൾ ബാധിച്ചിരുന്നവരും അവിടെ യേശുവിനുചുറ്റും കൂടിവന്നിരുന്നു. ഇത്രയധികം ആളുകളെ സഹായിക്കുവാൻ യേശുവിനു കഴിയുമോ.



ദൈവപുത്രനായ യേശുവിന് സഹായിക്കുവാൻ കഴിയും. യേശു സഹായിച്ചു. അവന്റെ അടുക്കൽ വന്നവർ മുഴുവനും സൗഖ്യമായി. ഊന്നുവടികളുടെ സഹായത്തോടെ നിരങ്ങി നടന്നിരുന്നവർ നടക്കുവാനും ഓടുവാനും തുള്ളിച്ചാടുവാനും തുടങ്ങി.





കുഷ്ടരോഗത്താൽ
അശുദ്ധരായവരായിരുന്നു
പിന്നെ വന്ന ചിലർ.

അവരെ യേശു
സൗഖ്യമാക്കിയപ്പോൾ
സൗഖ്യമുള്ളവരും
പൂർണ്ണരുമായിത്തീർന്നു.



ദുഷ്ടാത്മാക്കളാൽ കഷ്ടപ്പെട്ടിരുന്ന പുരുഷന്മാരും സ്ത്രീകളും യേശുവിന്റെ മുമ്പിൽ വന്നുനിന്നു. അവരെ വിട്ടുപോകുവാൻ യേശു ദുഷ്ടാത്മാക്കളോടു കല്പിച്ചു. ദുഷ്ടാത്മാക്കൾ അനുസരിച്ചപ്പോൾ, ...



... പരിഭ്രാന്തരും അസന്തുഷ്ടരുമായിരുന്ന ജനങ്ങൾ ശാന്തമാനസരും സന്തോഷപൂർണരുമായിത്തീർന്നു.



പുരുഷാരത്തിന്റെ പിന്നിലായി, നാല് സുഹൃത്തുക്കൾ തങ്ങളുടെ ഒരു സുഹൃത്തിനെ യേശുവിന്റെ അടുക്കൽ കൊണ്ടുവരേതിന് ശ്രമിക്കയായിരുന്നു. എന്നാൽ അവർക്ക് പുരുഷാരം നിമിത്തം അടുത്തുവരുവാൻ കഴിഞ്ഞില്ല. അവർക്ക് എന്തുചെയ്യുവാൻ കഴിയും?





രോഗിയായ ആ മനുഷ്യനെ
എടുത്തുകൊ് നല്ലവരായ  ആ നാല്
സുഹൃത്തുക്കൾ മേൽക്കൂരയിലെത്തി.
മേൽക്കൂര തുറന്ന് കൂട്ടുകാരനെ
താഴേക്ക് ഇറക്കിവെച്ചു.
ഇപ്പോൾ ആ മനുഷ്യനെ
യേശുവിന്റെ
അടുക്കലെത്തിച്ചു.

ആ നാല് കൂട്ടുകാരുടെ
വിശ്വാസം യേശു കു. ആ
രോഗിയോട് യേശു
പറഞ്ഞു. “നിന്റെ
പാപങ്ങൾ
ക്ഷമിച്ചിരിക്കുന്നു.
നിന്റെ കിടക്ക
എടുത്ത് നടക്ക.”
സൗഖ്യവും
ആരോഗ്യവും
ഉള്ളവനായി
ആ മനുഷ്യൻ
എഴുന്നേറ്റുനിന്നു.
യേശു അവനെ
സൗഖ്യമാക്കി.



അതിനുശേഷം യേശു ശിഷ്യന്മാരോടൊപ്പം ഒരു വഞ്ചിയിൽ സഞ്ചരിക്കയായിരുന്നു. ഭയാനകമായ ഒരു കൊടുങ്കാറ്റ് കടലിനെ ഇളക്കിമറിച്ചു. യേശു ഉറങ്ങുകയായിരുന്നു. പരിഭ്രാന്തരായ ശിഷ്യന്മാർ യേശുവിനെ ഉണർത്തി. “കർത്താവേ ഞങ്ങൾ നശിച്ചുപോകുന്നു, ഞങ്ങളെ രക്ഷിക്കേണമേ” അവർ മുറവിളി കൂട്ടി.



“അടങ്ങുക” യേശു തിരമാലകളോടു കല്പിച്ചു. പെട്ടെന്ന് കടൽ ശാന്തമായി. “എന്തൊരു മനുഷ്യനാണ് ഇത് ”. ശിഷ്യന്മാർ തമ്മിൽ പറഞ്ഞു. കാറ്റും കടലുംകൂടെ അവനെ അനുസരിക്കുന്നു. തന്റെ അത്ഭുതങ്ങളാൽ തന്റെ മഹത്വം വെളിപ്പെടുത്തിയതുകൊ് യേശു ദൈവപുത്രൻ തന്നെയാണെന്ന് അവർ വിശ്വസിച്ചു.



ശിഷ്യന്മാർ അത് അറിഞ്ഞിരുന്നില്ല. എന്നാൽ അവൻ മനുഷ്യരുടെയിടയിൽ ദൈവത്തിന്റെ ശുശ്രൂഷ ചെയ്യുമ്പോൾ യേശു ഇതിലും വലിയ അത്ഭുതങ്ങൾ ചെയ്യാനിരിക്കുന്നത് അവർ കാണാൻ പോകയാണ്.

യേശുവിന്റെ അത്ഭുതങ്ങൾ

# ദൈവവചനത്തില് നിന്നും ഒരു കഥ.

# ബൈബിളില് നിന്നുംഎടുത്തത്.

മത്തായി 8–9, മർക്കോസ് 1–2, 4, ലൂക്കോസ് 8, യോഹന്നാൻ 2

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിര്ത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ
പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ്
.എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ
മകനായ യേശുവിനെ നമ്മുടെ പാപങ്ങള്ക്ക് വേണ്ടി
ക്രുശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു
യേശു മരണത്തില്നിന്നും ഉയിര്ത്തെഴുന്നേറ്റു
സ്വര്ഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും.
നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ
പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും
ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട്
ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ
വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ
മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ
ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ
എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം